## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3150 28.01.2014 - ൽ മറുപടിക്ക്**

## ശ്രീ ശങ്കര സമാന്തരപാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസം

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|---|
| (എ) ശ്രീ ശങ്കര സമാന്തര പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പ് 42 കോടി രൂപ അനുവദിച്ചിട്ട് 21 മാസം കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;<br><br>(ബി) ഇത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) | ഉണ്ട്. ഈ പാലത്തിന്റെ സർവ്വേ നടപടികൾ പല പ്രാവശ്യം ആരംഭിച്ചെങ്കിലും അതു പൂർത്തീകരിക്കുവാൻ ജനങ്ങളുടെ എതിർപ്പ് മൂലം സാധിച്ചില്ല. ഭരണാനുമതി കിട്ടി വളരെ നാളായെങ്കിലും സർവ്വെ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. ഏറ്റവും പ്രായോഗികവും സാമ്പത്തിക ബാധ്യത കുറഞ്ഞതുമായ സ്ഥലത്തുകൂടി, തിരക്കുള്ള കാലടി ടൗൺ ഒഴിവാക്കി, ഉടംപുഴ തോടിന് സമീപം ആരംഭിച്ച് താന്നിപ്പുഴയിൽ അവസാനിക്കുന്ന അലൈൻമെന്റിന്റെ സർവ്വേ നടപടികൾ തുടങ്ങുവാൻ പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ നിരന്തരമായി തടസ്സപ്പെട്ടതിനാൽ നിർദ്ദിഷ്ട അലൈൻമെന്റിൽ കൂടി സർവ്വേ നടത്തുന്നതിനായി 6 (1) വിജ്ഞാപനം റവന്യൂ വകുപ്പ് പ്രസിദ്ധീകരിക്കുകയും അലൈൻമെന്റ് സ്റ്റേച്ചിനു വേണ്ട നടപടികൾ പോലീസ് സഹായത്തോടെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അലൈൻമെന്റ് അംഗീകരിച്ച് ആവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ